പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3121 19-06-2018 ലെ മറുപടിക്ക്

കാർഷിക കയറ്റുമതി മന്ത്രാലയം ഓഫീസ് രൂപീകരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മോൻസ് ജോസഫ്<br>,, പി.ജെ.ജോസഫ്<br>,, റോഷി അഗസ്റ്റിൻ | ശ്രീ. വി.എസ്. സുനിൽകുമാർ<br>കൃഷിവകുപ്പ് മന്ത്രി |
| എ) കേരളത്തിന്റെ പ്രത്യേക കാർഷിക വിളകൾ കയറ്റുമതി ചെയ്യുവാൻ കയറ്റുമതി മന്ത്രാലയം ഓഫീസ് കൊച്ചിയിൽ തുടങ്ങുന്നത് സംബന്ധിച്ച നയം വ്യക്തമാക്കാമോ; | എ&ബി) കേന്ദ്ര സർക്കാർ കയറ്റുമതി മന്ത്രാലയം ഓഫീസ് കൊച്ചിയിൽ തുടങ്ങുന്നത് സ്വാഗതാർഹമാണ്. |
| (ബി) കയറ്റുമതി മന്ത്രാലയം ഓഫീസ് വഴി കേരളത്തിലെ കാർഷിക വ്യവസായ ഉത്പന്നങ്ങളുടെ വിദേശ കയറ്റുമതി പ്രോത്സാഹിപ്പിക്കുവാനും വിദേശ നാണ്യം നേടുവാനും നടപടി സ്വീകരിക്കുമോ; | |
| സി) കേരളത്തിലെ തനത് കാർഷിക ഉല്പന്നങ്ങളായ റബ്ബർ, കുരുമുളക്, ഏലം, നാളികേരം എന്നിവയുടെ കയറ്റുമതി സാധ്യതയ്ക്ക് സർക്കാർ സ്വീകരിച്ച വരുന്ന നടപടികൾ വ്യക്തമാക്കാമോ ; | സി) നാണ്യവിളകളുടെ കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നത് പ്രസ്തുത വിളകൾക്കായി കേന്ദ്രസർക്കാർ രൂപീകരിച്ചിട്ടുള്ള കമ്മോഡിറ്റി ബോർഡുകളാണ്. ജൈവ സാങ്കേതിക വിദ്യയിൽ ആവശ്യമുള്ള പരിശീലനവും കർഷകർക്ക് അർഹമായ ആനുകൂല്യങ്ങളും നൽകി ഗുണമേന്മയുള്ള ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുവാൻ സംസ്ഥാന കൃഷി വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ട്. |

| | |
|---|---|
| ഡി) കേരളത്തിലെ പഴം പച്ചക്കറി കയറ്റുമതിക്കും കൂടാതെ കേരളത്തിൽ ഇപ്പോൾ കൃഷി ചെയ്തു വരുന്ന റംബൂട്ടാൻ, വാനില പോലുള്ള ഉത്പന്നങ്ങളുടെ കയറ്റുമതിക്കും പ്രോത്സാഹനം നൽകുന്ന കാര്യം പരിഗണിക്കുമോ.? | ഡി) ഇന്ത്യയിൽ നിന്നും കയറ്റി അയക്കുന്ന പഴം പച്ചക്കറികൾ കീടരഹിതമാണ് എന്ന് ഉറപ്പുവരുത്തുക എന്ന നടപടിയാണ് ഇപ്പോൾ ഭാരതസർക്കാർ സ്വീകരിച്ചിരിക്കുന്നത്. അതിൻപ്രകാരം APEDA അംഗീകരിച്ച പാക്ക് ഹൗസുകൾ വഴിയാണ് കയറ്റുമതി അനുവദിക്കുന്നത്. ഈ പാക്ക് ഹൗസുകളിൽ വച്ച് നാഷണൽ പ്ലാന്റ് പ്രൊട്ടക്ഷൻ ഓർഗനൈസേഷൻ ഉദ്യോഗസ്ഥർ കയറ്റുമതി സാമ്പിൾ ശേഖരിച്ച് പരിശോധിക്കുകയും ഗുണനിലവാരം ഉണ്ടെന്ന് ഉറപ്പായാൽ സർട്ടിഫിക്കേറ്റ് നൽകുകയും ചെയ്യും. ഈ സർട്ടിഫിക്കേറ്റ് പ്രകാരം മാത്രമാണ് കയറ്റുമതി ചെയ്യുന്നത്. സംസ്ഥാന കൃഷി വകുപ്പിനു കീഴിലുള്ള മൂവാറ്റുപുഴയിലെ വാഴക്കുളം അഗ്രോ ഫ്രൂട്ട് പ്രോസസ്സിംഗ് കമ്പനിയുടെ ഫാക്ടറിക്ക് ഇപ്രകാരം അംഗീകാരം ഉണ്ട്. APEDA യുടെ സഹായത്തോടെ VFPCK വായനാടിൽ പാക്ക് ഹൗസ് പ്രവർത്തന സജ്ജമാക്കി 2016 ഡിസംബർ മാസം ഉത്ഘാടനം നിർവഹിച്ചിട്ടുണ്ട്. തൃശ്ശൂർ ജില്ലയിൽ നിർമ്മാണം അന്തിമ ഘട്ടത്തിലാണ്. പാലക്കാട് ജില്ലയിൽ നിർമ്മാണം ഉടനെ ആരംഭിക്കുന്നതാണ്. |

അണ്ടർസെക്രട്ടറി